**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5782** **08-07-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻകടകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ റേഷൻ കടകൾ മുഖേന നൽകുന്ന സേവനങ്ങൾ വൈവിദ്ധ്യവത്കരിക്കുന്നതിനു വേണ്ടി ആരംഭിച്ച പദ്ധതിയാണ് കെ-സ്റ്റോർ പദ്ധതി. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ സാധനങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടുഗ്യാസ് എന്നിവ കെ-സ്റ്റോർ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മിനിമം താങ്ങുവില നിശ്ചയിച്ചിട്ടുള്ള കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിൽപ്പനയും നടത്തുന്നതിന് കെ-സ്റ്റോറുകൾ മുഖേന ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ; | (ബി) | റേഷൻ കടകളുടെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി, റേഷൻകട ലൈസൻസികൾക്ക് ഒരു അധികവരുമാനം എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് കെ-സ്റ്റോർ പദ്ധതി. മിനിമം താങ്ങുവില നിശ്ചയിച്ചിട്ടുള്ള കാർഷികോല്പന്നങ്ങളുടെ സംഭരണവും വിൽപ്പനയും നടത്തുന്നതിന് കെ-സ്റ്റോറുകൾ മുഖേന നിലവിൽ സംവിധാനം ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | വ്യവസായ വകുപ്പുമായി ചേർന്ന് കെ-സ്റ്റോർ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉത്പാദിപ്പിക്കുന്ന ഭക്ഷ്യസാധനങ്ങൾ കെ-സ്റ്റോർ മുഖേന നിലവിൽ വിതരണം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ